**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തികയിൽ ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ, ലോക്കൽ സെൽഫ് ഗവണ്മെൻറ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവാകുന്നു .

**ഉത്തരവ് നമ്പർ LSGD/PD/750/2023-DEB3 തീയതി: 27-10-2024**

പരാമർശം:
1) സ.ഉ.(കൈ) നം.277/2022/എൽ എസ് ജി ഡി തീയതി 22-12-2022
2) സർക്കുലർ നം. ഇയു2-78/2023-തസ്വഭവ തീയതി 18.06.2024
3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.09.2024ലെ LSGD/PD/750/2023- DEB3 നമ്പർ ഉത്തരവ്
4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.08.2024ലെ LSGD/PD/PD/28877/2024(2)- VIGB6 നമ്പർ ഉത്തരവ്
5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.10.2024 ലെ LSGD/PD/750/2023- DEB3 നമ്പർ ഉത്തരവ്

**ഉത്തരവ്**

നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹരായ സീനിയോരിറ്റി നമ്പർ 842 മുതൽ 1024 വരെയുള്ള 95 സീനിയർ ക്ലാർക്കുമാർക്ക് ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ, ലോക്കൽ സെൽഫ് ഗവണ്മെൻറ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽ കി പരാമർ ശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ക്രമനമ്പർ 66 ആയി ഉൾപ്പെട്ട കോട്ടയം മുനിസിപ്പാലിറ്റിയിലെ വി.ജി സന്തോഷ് കുമാർ (G60504) പരാമർശം (4) ഉത്തരവ് പ്രകാരം നിലവിൽ സസ്പെൻഷൻ ആയതിനാൽ ടിയാന്റെ സ്ഥാനകയറ്റ നിയമനം റദ്ദ് ചെയ്തു പരാമർശം (5) ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഉണ്ടായ ഒഴിവിലേക്ക് സീനിയോരിറ്റി ലിസ്റ്റ് പ്രകാരം അടുത്ത സ്ഥാനക്കയറ്റത്തിന് അർഹയായ ചുവടെ ചേർക്കുന്ന സീനിയർ ക്ലാർക്കിന് നഗരസഭകളിൽ പുതുതായി സൃഷ്ടിച്ച "അക്കൗണ്ടന്റ്" തസ്തികയിൽ 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ ലോക്കൽ സെൽഫ് ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമനമ്പർ | സീനിയോരിറ്റി നമ്പർ | പേര്, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം,ജില്ല | പെൻ | സ്ഥാനകയററം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | 1025 | സുജ ചന്ദ്രൻ പി<br>സീനിയർ ക്ലാർക്ക്<br>തൃപ്പൂണിത്തുറ<br>മുനിസിപ്പാലിറ്റി<br>എറണാകുളം | G66698 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി<br>തൃശ്ശൂർ |

സ്ഥാനക്കയറ്റം ലഭിച്ച മേൽ ജീവനക്കാരിക്ക് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേ എംപവർമെന്റ് സെക്ഷൻ കിലയുമായി ചേർന്ന് പരിശീലനം നൽകേണ്ടതാണ്. ടിയാൾ പരാമർശം (1) സർക്കുലറിലെ സേവനവ്യവസ്ഥകൾ നിർവ്വഹിക്കേണ്ടതാണ്. പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരിക്ക് തൊട്ടടുത്ത പൊതുസ്ഥലമാറ്റം വരെ തസ്തികമാറ്റം അനുവദിക്കുന്നതല്ല. ബന്ധപ്പെട്ട ഓഫീസ് മേലധികാരി മേൽ ജീവനക്കാരിയെ

അടിയന്തരമായി വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ/പ്രവേശന വിവരങ്ങൾ ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് കാര്യാലയങ്ങളിലും അറിയിക്കേണ്ടതാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ജില്ലാ ജോയിന്റ് ഡയറക്ടർ(എറണാകുളം, തൃശ്ശൂർ).
2. ശ്രീമതി സുജ ചന്ദ്രൻ പി (ഓഫീസ് മേലധികാരി മുഖേന).
3. സെക്രട്ടറി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി എറണാകുളം, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി തൃശ്ശൂർ.
4. സീനിയോരിറ്റി സെൽ - GEA സെക്ഷൻ/എംപവർമെന്റ് സെക്ഷൻ.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Ajith Kumar M P
Date: 28-10-2024 11:39:59